കളിയായി തുടങ്ങിയതു കാര്യമായപ്പോൾ!

ലണ്ടന് പട്ടണത്തില് വര്ഷങ്ങള്ക്കു മുമ്പു നടന്ന ഒരു ദാരുണസംഭവം പറയാം. കൃത്യമായി പറഞ്ഞാല്, 1890-ല് നടന്ന സംഭവം. പക്ഷേ, ഈ സംഭവത്തിനു കാലപ്പഴക്കം ഉണ്ടെങ്കിലും, ഇതിന്റെ ഗുണപാഠത്തിനു അന്നത്തെക്കാള് ഇന്നു പ്രസക്തിയുള്ളതിനാലാണ് ഇതിവിടെ ഇപ്പോള് പകര്ത്തുന്നത്. വന്യമൃഗങ്ങളെ മെരുക്കിയെടുത്ത്, അവയെ കാണികളുടെ മുമ്പില് പ്രദര്ശിപ്പിക്കുകയും അവയെകൊണ്ട് കളികള് നടത്തി കാശുണ്ടാക്കുകയും ചെയ്തിരുന്ന ഒരാള്ക്കുണ്ടായ ദുരന്ത പര്യവസാനത്തിന്റെ കഥയാണിത്.

ലണ്ടന് പട്ടണത്തില് ചില ദിവസങ്ങളായി നടന്നുവന്ന പ്രദര്ശനം അതിന്റെ സാമാപനത്തിലെത്തി. ആവേശഭരിതരായ ആളുകള് അകലങ്ങളില് നിന്നുപോലും ആ കൂടാരത്തില് എത്തിയിട്ടുണ്ട്. പരിശീലകന് കരടി, കരിമ്പുലി, കടുവ, സിംഹം ആദിയായ ക്രൂരമൃഗങ്ങളെ ഉപയോഗിച്ചു നടത്തിയ വിവിധ ഇനങ്ങള് കണ്ട് അവര് ആവേശഭരിതരായി.

കാനന രാജനായ സിംഹം കനമില്ലാത്ത ഒരു എലുമ്പന് മനുഷ്യന്റെ വാക്കുകള്ക്കു മുമ്പില്, ഒരു പൂച്ചക്കുട്ടിയെപ്പോലെ, അയാള് പറയുന്നതെന്തും അണുവിട വ്യതിയാനം കൂടാതെ അനുസരിക്കുന്നതു കണ്ടപ്പോള് ആ ജനത്തിനു തങ്ങളുടെ കണ്ണുകളെ തന്നെ വിശ്വസിക്കുവാന് പ്രയാസം തോന്നി.

വിസ്മയഭരിതരായി കളികണ്ടിരുന്ന ജനത്തോട് കര്ട്ടനു പിമ്പില് നിന്നും അദ്ദേഹം അവസാനത്തെ ഇനം എന്താണെന്നു വെളിപ്പെടുത്തിയത് അവരില് ആവേശം വര്ദ്ധിപ്പിച്ചു. മുപ്പത്തഞ്ച് അടി നീളമുള്ള ഒരു കൂറ്റന് പെരുമ്പാമ്പുമായുള്ള മല്പ്പിടുത്തം! ആ പെരുമ്പാമ്പിനെ ഇരുപത്തഞ്ചു വര്ഷം മുമ്പ് മൂന്നര അടി നീളമുള്ള ഇളം പ്രായത്തില് തനിക്കു ലഭിച്ചതാണെന്നും തനിക്കുള്ള വന്യജീവികളില് വച്ച് തന്നോട് ഏറ്റവും സ്നേഹമുള്ളത് ഈ പെരുമ്പാമ്പിനാണെന്നും അയാള് പറഞ്ഞത് കര്ട്ടന് ഒന്നു ഉയര്ത്തിക്കിട്ടുവാന് കാണികളില് തിടുക്കം ഉളവാക്കി.

അവസാനം, കാത്തിരുന്ന ജനത്തിനു മുമ്പില് കര്ട്ടന് ഉയര്ന്നു.
പശ്ചാത്തലത്തില് ഇന്ത്യന് കാടുകള്, ശീല്കാര ശബ്ദത്തിന്റെ അകമ്പടിയോടെ ഒരു കൂറ്റന് പെരുമ്പാമ്പ് കാടുകള്ക്കിടയിലൂടെ ഇഴഞ്ഞു വന്നു. ഒരു മരത്തിന്റെ മറവില് നിന്നിരുന്ന പരിശീലകനെ അത് കണ്ടെത്തി. അടുത്തെത്തിയ പെരുമ്പാമ്പുമായി അയാള് ഒരു ഗുസ്തിക്കാരനെപ്പോലെ മല്പ്പിടുത്തം നടത്തിക്കൊണ്ടിരുന്നു. കാണികള് ആ അപൂര്വ്വ രംഗം ശ്വാസം അടക്കി നോക്കിനില്ക്കവേ, പെരുമ്പാമ്പ് അയാളെ വലിച്ചു താഴെയിട്ടു. സാവധാനത്തില് അയാളെ വരിഞ്ഞു മുറുക്കിത്തുടങ്ങി. അയാളുടെ പാദം മുതല് കഴുത്തുവരെ പെരുമ്പാമ്പിന്റെ വലയങ്ങളില് വിലയം പ്രാപിച്ചപ്പോള് തുറിച്ച കണ്ണുകളുമായി അയാളുടെ തലമാത്രമേ പുറത്തു കാണാനുള്ളായിരുന്നു.

ഒടുവില്, മരണവെപ്രാളത്തില് അയാള് അലറിവിളിച്ചപ്പോള് അതും കളിയുടെ ഭാഗമായി തെറ്റിദ്ധരിച്ച കാണികള് കരഘോഷത്തോടെ അയാളെ പ്രോത്സാഹിപ്പിച്ചു.
അടുത്തതെന്തെന്നു ആവേശത്തോടെ കാത്തിരുന്ന ആളുകള്ക്ക് അയാളുടെ രക്ഷിക്കണേ എന്ന അവസാന അപേക്ഷയുടെ നേര്ത്ത ശബ്ദം
കേള്ക്കാന് കഴിയുന്നതിനേക്കാള് ഉച്ചത്തില് അയാളുടെ അസ്ഥികള് ഞെരിഞ്ഞൊടിയുന്ന

ശബ്ദമാണ് കേള്ക്കാന് കഴിഞ്ഞത്! അപ്പോളാണ് കാണികള്ക്ക് അതു കളിയല്ല, കാര്യമാണെന്ന തിരിച്ചറിവുണ്ടായത്. പക്ഷേ, ചേതനയറ്റ കാണികളുടെ കണ്മുമ്പില് ആ പെരുമ്പാമ്പ് നിമിഷങ്ങള്ക്കുള്ളില് അയാളുടെ തല അപ്പോഴേക്കും വായ്ക്കുള്ളില് ആക്കികഴിഞ്ഞിരുന്നു!!

ഇതുപോലെ, പാപത്തെ കളിയായി കരുതി താലോലിച്ചു രസിക്കുന്നവര് ഈ അന്ത്യകാലത്തു വര്ദ്ധിച്ചുവരുന്നു. ആരംഭത്തില്, തങ്ങളുടെ നിയന്ത്രണത്തില് ഒതുക്കാവുന്നതേയുള്ളു എന്നു കരുതിയാണ് പലരും പലതും തുടങ്ങുന്നത്. പക്ഷേ, നാളുകള് കഴിയുമ്പോള് പാപം അതിന്റെ ശക്തി വെളിപ്പെടുത്തും. പിന്നെ, സ്വയം എന്നല്ല പരസഹായത്താല് പോലും ആര്ക്കും അതിനെ ജയിക്കാനാവില്ല എന്നതാണ് സത്യം. കാരണം, പാപത്തില് ശക്തിശ്രോതസ് മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും ലക്ഷമിട്ടു നടക്കുന്ന ദുഷ്ട പിശാചാണ്.

മദ്യപാനം, മയക്കുമരുന്ന്, പ്രോണോഗ്രാഫി, അവിഹിതബന്ധങ്ങള് എന്നിങ്ങനെ ബഹുവിധമായ പെരുമ്പാമ്പുകളെ പാലൂട്ടി വളര്ത്തുന്നവര് ഓര്ക്കുക: അവസാനം അത് നിങ്ങളെ വിഴുങ്ങും. നിത്യനരകത്തില് എത്തിക്കഴിയുമ്പോഴേ നിങ്ങള് ചതിക്കപ്പെട്ട കാര്യം തിരിച്ചറിയുകയുള്ളു. പക്ഷേ, അപ്പോഴേക്കും രക്ഷപെടുവാനുള്ള അവസാന പഴുതും അടഞ്ഞിരിക്കും.

പാപത്തിന്റെ കരാളഹസ്തത്തില് അകപ്പെട്ടശേഷം രക്ഷപെടുവാനുള്ള പഴുതുകളെല്ലാം അടഞ്ഞപ്പോള്: അയ്യോ, ഞാന് അരിഷ്ടമനുഷ്യന്! ഈ മരണത്തിന് അധീനമായ ശരീരത്തില്നിന്ന് എന്നെ ആര് വിടുവിക്കും? (റോമര് 7:24) എന്നു അലറിവിളിച്ച പൗലോസിനെ പോലെ രക്ഷയ്ക്കായി കാംക്ഷിക്കുന്നവര്ക്ക് താന് കണ്ടെത്തിയ രക്ഷകനെ ഈ കൃപായുഗത്തില് ആര്ക്കും കണ്ടെത്തുവാന് ഇപ്പോള് അവസരം ഉണ്ട്.

നിങ്ങള്ക്കു ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യര്ത്ഥമായിത്തീരരുത് എന്ന് ഞങ്ങള് സഹപ്രവൃത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു. ‘പ്രസാദകാലത്തു ഞാന് നിനക്ക് ഉത്തരം അരുളി; രക്ഷാദിവസത്തില് ഞാന് നിന്നെ സഹായിച്ചു.’ എന്ന് അവിടുന്ന് അരുളിച്ചെയ്യുന്നുവല്ലോ; ഇപ്പോള് ആകുന്നു സുപ്രസാദകാലം; ഇപ്പോള് ആകുന്നു രക്ഷാ ദിവസം. (2 കൊരി. 6:12). ഇപ്രകാരം, രക്ഷകനെ കണ്ടെത്തിയ പൗലോസ്: ഈ മരണത്തിന് അധീനമായ ശരീരത്തില്നിന്ന് എന്നെ ആര് വിടുവിക്കും? എന്ന ചോദ്യത്തിനുള്ള ഉത്തരം പ്രസ്താവിച്ചതു യേശുവിനെ രക്ഷകനും കര്ത്താവുമായി അംഗീകരിച്ച ആര്ക്കും തന്നോടൊപ്പം ഉറക്കെ പ്രസ്താവിക്കാം: നമ്മുടെ കര്ത്താവായ യേശുക്രിസ്തു മുഖാന്തരം ഞാന് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. (റോമര് 7:25)